# MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

*(Under the Holy Apostolic See of Antioch and All the East)* Reg. No. ER/308/07

Circular to All Sunday School and Co-workers
Website : www.mjssa.in
Email : mjssahq@gmail.com

MJSSA HEAD QUARTERS,
Puthencruz P.O., Ernakulam District,
Kerala state, Pin - 682 308,
Phone : 0484 - 2730150, 80781 57150

CIRCULAR NO.M/C/12/2025

Date : 10.07.2025

പ്രിയ സഹപ്രവർത്തകരെ,

2025 ജൂലൈ മാസം 5-ാം തീയതി എം.ജെ.എസ്.എസ്.എ.യിൽ വച്ച്, പ്രസിഡന്റ് അഭി. ഡോ. അന്തീമോസ് മാത്യൂസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കേന്ദ്ര കമ്മിറ്റി ചേരുകയുണ്ടായി. ടി യോഗത്തിൽ എടുത്ത പ്രധാന തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. ക്യാമ്പ്സൈറ്റ് ബിൽഡിംങ്ങിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കേണ്ടതാണ്.
2. 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ പരിഷ്ക്കരിക്കുന്നതിനും ടി ക്ലാസ്സുകളിലെ ഹാൻഡ്ബുക്ക് കൂടി തയ്യാറാക്കുന്നതിനും കരിക്കുലം കമ്മറ്റിയെ ചുമതലപ്പെടുത്തി.
3. കലോത്സവത്തിന്റെ ജഡ്ജസ് ട്രെയിനിംഗ് ക്ലാസ്സിൽ ചർച്ച ചെയ്യപ്പെട്ട നിർദ്ദേശങ്ങൾ കേന്ദ്രകമ്മിറ്റി പരിഗണിക്കുകയും താഴെ തലങ്ങളിലേക്ക് അറിയിക്കുന്നതിനും നിശ്ചയിച്ചു. കലോത്സവ ലോഗോ വിദ്യാർത്ഥികളിൽ നിന്നും ക്ഷണിക്കുവാൻ തീരുമാനിച്ചു.
4. 2025 - 26 വർഷത്തെ വിവിധ സബ് കമ്മറ്റികളെ തെരഞ്ഞെടുത്തു.

**പരീക്ഷാ ബോർഡ്**

1. ശ്രീ. തോമസ് പോൾ - കൺട്രോളർ
2. ശ്രീ. പി.വി. ജേക്കബ്ബ്
3. ശ്രീ. പി.സി. ഏലിയാസ്
4. ശ്രീ. വി.പി. ജോയി
5. ശ്രീ. ബിജു ജോൺ
6. ശ്രീ. കോര സി. കുന്നുംപുറം
7. ശ്രീ. എബി മാത്യു

**കലോത്സവം**

1. ശ്രീ. ബിനു മാത്യൂസ്
2. ശ്രീ. ജോൺ ജോസഫ്
3. ശ്രീ. ബിജു കെ. തമ്പി
4. ശ്രീ. ടി.കെ. പീറ്റർ
5. ശ്രീ. കുര്യൻ വർഗീസ്
6. ശ്രീ. എം.വി. ഏലിയാസ്
7. ശ്രീ. എം.പി. മാണി
8. ശ്രീ. ഇ.പി. ബേബി

**ജെ. എസ്. വി. ബി. എസ്.**

1. മദ്ധ്യമേഖല കൺവീനർ - ശ്രീ. പി.വി. ജേക്കബ്ബ്
2. തെക്കൻമേഖല കൺവീനർ - ശ്രീ. ജോസ് പനച്ചക്കൽ
3. വടക്കൻമേഖല കൺവീനർ - ശ്രീ. ഇ.പി. ബേബി
4. ശ്രീ. റോയ്സ് മാത്യു
5. ശ്രീ. ജോൺ ജോസഫ്
6. ശ്രീ. പി.സി. ഏലിയാസ്
7. ശ്രീ. ബിനോയ് പി. ജോർജ്ജ്

**ഓഡിറ്റേഴ്സ് ഇന്റേണൽ**

1. ശ്രീ. വി.പി. ജോയി
2. ശ്രീ. പി.സി. ഏലിയാസ്

5. അഖിലമലങ്കര അദ്ധ്യാപക പരിശീലന ക്യാമ്പ് 2025 ഓഗസ്റ്റ് 9, 10 (ശനി, ഞായർ) തീയതികളിൽ മീനങ്ങാടി സെന്റ് പീറ്റേഴ്സ് കത്തീഡ്രലിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു.
6. കോതമംഗലം മേഖലയിലെ ചേലാട് ഡിസ്ട്രിക്ട് വിഭജിച്ച് ചേലാട്, പുന്നേക്കാട് എന്നീ ഡിസ്ട്രിക്ടുകളായി രൂപീകരിക്കുവാൻ തീരുമാനിച്ചു.
7. നിലവിൽ കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് കാണുന്നതിനാൽ ഇനി മുതൽ ഡിസ്ട്രിക്ട് വിഭജന ആലോചനകൾ കേന്ദ്രസമിതിയിൽ നിന്ന് മുൻകൂട്ടി അനുവാദം വാങ്ങി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

8. **വാർഷിക പരീക്ഷ**

1) വാർഷിക പരീക്ഷയുടെ ചോദ്യപ്പേപ്പറിൽ നിലവിൽ "വാക്യം എഴുതുക" എന്ന ചോദ്യങ്ങളിൽ റഫറൻസ് നൽകി വാക്യം എഴുതുക എന്നത്, 2025 ലെ വാർഷിക പരീക്ഷ മുതൽ 5, 6, 7 ക്ലാസ്സുകളിൽ മാത്രം , വേദവാക്യം കൊടുത്ത് റഫറൻസ് എഴുതേണ്ടതാണ് എന്ന് തീരുമാനിച്ചു. 8,9,10 ക്ലാസ്സുകളിൽ നിലവിൽ ഉള്ളത് പോലെ തന്നെ തുടരുന്നതാണ്.

2) 2025 ജൂലൈ 15 മുതൽ 10,11,12 ക്ലാസ്സുകളിലെ വാർഷിക പരീക്ഷ രജിസ്ട്രേഷൻ ആരംഭിക്കാവുന്നതും 30.09.2025 വരെ ഫൈൻ കൂടാതെയും 31.10.2025 വരെ 200 രൂപ ഫൈനോടുകൂടെയും നവംബർ 1 മുതൽ 500 രൂപ ഫൈനോടുകൂടെയും രജിസ്റ്റർ ചെയ്യാവുന്നതാണ്.

9. അഖിലമലങ്കര സുവിശേഷയോഗത്തിനോടനുബന്ധിച്ച് സൺഡേസ്കൂളുകൾ വിദ്യാർത്ഥികൾക്കായി നടത്തുന്ന ഉപന്യാസ മത്സരത്തിന്റെ പൊതുനിർദ്ദേശങ്ങൾ സുവിശേഷ സംഘം ഭാരവാഹികളിൽ നിന്നും മുൻകൂട്ടി വാങ്ങി സൺഡേസ്കൂളുകൾക്ക് അയക്കേണ്ടതും ഉത്തര പേപ്പറുകൾ എം.ജെ.എസ്.എസ്.എ. സമിതിയും സുവിശേഷ സംഘം ഭാരവാഹികളും ചേർന്ന പരിശോധിച്ച് റിസൽട്ട് നൽകേണ്ടതുമാണ്.

10. അഖിലമലങ്കര അദ്ധ്യാപകസംഗമം 2025 നവംബർ 8 ശനിയാഴ്ച നടത്തുവാൻ നിശ്ചയിച്ചു.

11. എം.ജെ.എസ്.എസ്.എ. 2016 ൽ ആരംഭിച്ച കാതോലിക്കോസ് ബസ്സേലിയോസ് തോമസ് ഫസ്റ്റ് അക്കാദമി ഓഫ് എക്സലൻസിന്റെ നേതൃത്വത്തിൽ, Race 2 Excellence എന്ന സ്ഥാപനവുമായി സഹകരിച്ച് പ്രൊജെക്റ്റ് ജെംസ് എന്ന പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചു. കേന്ദ്രസംസ്ഥാന സർക്കാർ ജോലികളിലും മറ്റ് ഉന്നത കരിയറിലേയ്ക്കും സ്കൂൾ തലം മുതൽ പരിശീലനം നൽകുന്ന 10 വർഷം നീണ്ടു നിൽക്കുന്ന പദ്ധതിയാണ് പ്രോജക്ട് ജെംസ്. ഒപ്പം USS, NMMS, ISRO YUVIKA തുടങ്ങി സ്കൂൾതലത്തിലുള്ള വിവിധ സ്കോളർഷിപ്പ് പരീക്ഷകളിൽ വിജയിക്കുവാനും , മികച്ച കേന്ദ്ര സർവകലാശാലയിൽ പ്രവേശനം നേടാനും പദ്ധതി സഹായിക്കുന്നു. നമ്മുടെ സൺഡേ സ്കൂളുകളിലുള്ള ദിനപാഠശാലയിൽ ഏഴാം ക്ലാസിൽ പഠിക്കുന്ന വിദ്യാർഥികളെ കണ്ടെത്തി ഈ പദ്ധതിയിൽ പ്രവേശിപ്പിക്കുക എന്നതാണ് എം.ജെ.എസ്.എസ്. എ വിഭാവനം ചെയ്യുന്നത്. ആറു മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന സഭയിലെ സമർഥരായ കുട്ടികളെ കണ്ടെത്താനും തുടർപരിശീലനം നല്കാനും Race2IAS മായി സഹകരിച്ച് കൊണ്ട് ഒരു ടാലന്റ് സേർച്ച് പ്രോഗ്രാമും തുടർപരിശീലന പദ്ധതിയും ആരംഭിക്കുന്നതിനും ആയതിന്റെ കോ- ഓർഡിനേറ്റർ ആയി വൈസ്പ്രസിഡന്റ് റവ.ഫാ.ജെയിംസ് കുര്യനെ നിയോഗിക്കുവാനും തീരുമാനിച്ചു.

കർത്താവിൽ എളിയ ശുശ്രൂഷകൻ,

**പി.വി. ഏലിയാസ്**

ജനറൽ സെക്രട്ടറി

ഫോൺ: 9446138868, 9526870749